LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമ പെൻഷനുകൾ

63 (4118) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ ക്ഷേമ പെൻഷനുകളും ഏറ്റവും കുറഞ്ഞത് ആയിരം രൂപയായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) പല വിദേശരാജ്യങ്ങളിലും നിശ്ചിത പ്രായം കഴിയുന്ന എല്ലാവർക്കും മാന്യമായി ജീവിക്കാവുന്ന നിലയിൽ ക്ഷേമ പെൻഷൻ നൽകുന്നത് പോലെ ക്ഷേമ പെൻഷനുകളുടെ വിഹിതത്തിൽ കാലോചിത പരിഷ്ക്കാരം വരുത്തി നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഓരോ ക്ഷേമനിധി ബോർഡിന്റേയും സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുമാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

(ബി) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ നിയമാവലിയിൽ പരാമർശിക്കുന്ന വയസ്സ് തികഞ്ഞവരും നിർദ്ദേശിക്കപ്പെട്ട മറ്റ് യോഗ്യതകൾ ഉള്ളവരുമായ എല്ലാ അംഗങ്ങൾക്കും ബന്ധപ്പെട്ട നിയമാവലിയിൽ പ്രതിപാദിക്കുന്ന നിരക്കിൽ പെൻഷൻ നൽകിവരുന്നുണ്ട്. സർക്കാരിന്റെയും ബോർഡുകളുടേയും സാമ്പത്തിക സ്ഥിതി പരിഗണിച്ചശേഷം ക്ഷേമ പെൻഷൻ നിരക്കുകൾ കാലാകാലങ്ങളിൽ വർദ്ധിപ്പിച്ചുവരുന്നുമുണ്ട്.

കർഷകത്തൊഴിലാളികൾക്ക് പെൻഷൻ

64 (4120) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷക തൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത 60 വയസ്സ് കഴിഞ്ഞ യഥാർത്ഥ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

16-4-1998-ലെ സ.ഉ. (പി) 18/98/തൊഴിൽ നമ്പർ പ്രകാരമുള്ള കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിലെ ചട്ടം 2 (2) പ്രകാരം 1-1-2002 മുതൽ കർഷക തൊഴിലാളി പെൻഷന് അപേക്ഷ സമർപ്പിക്കുന്ന അപേക്ഷകർ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കേണ്ടതാണ്. മേൽ വ്യവസ്ഥ പ്രകാരം ക്ഷേമനിധിയിൽ അംഗമല്ലാത്തവർക്ക് ഇവർ യഥാർത്ഥ കർഷകത്തൊഴിലാളിയാണെങ്കിലും

പെൻഷൻ നിരസിക്കേണ്ടിവരുന്ന അവസരങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസ്ഥയിൽ ഇളവുവരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ക്ഷേമ ബോർഡുകളുടെ പ്രവർത്തനം

65 (4121) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്ഷേമ ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് ?

ഉത്തരം

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് സാമ്പത്തികമായി പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുകയും അംഗസംഖ്യ പരിമിതമായതും സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകൾ ഏകീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനുമായി 1-1-2009-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 07/2009/തൊഴിൽ പ്രകാരം മുൻ ലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

ക്ഷേമനിധി ബോർഡുകളുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി 28-5-2009-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 712/2009/തൊഴിൽ പ്രകാരം ഡോ. എ. വി. ജോസ് അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരികയാണ്.

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ശാഖ ചെങ്ങന്നൂരിൽ സ്ഥാപിക്കാൻ നടപടി

66 (4122) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ശാഖ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ശാഖ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബോർഡിൽ അംഗങ്ങളായ എത്ര പേർ ചെങ്ങന്നൂർ നിവാസികളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly